**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3582** **14-07-2022 - ൽ മറുപടിയ്ക്ക്**

**കാസർകോട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഷെഡ്യൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന് മുമ്പ് കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എത്ര ഷെഡ്യൂൾ ഉണ്ടായിരുന്നു; വ്യക്തമാക്കാമോ; | (എ) | കോവിഡിന് മുമ്പ് കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 92 ഷെഡ്യൂൾ ഉണ്ടായിരുന്നു |
| (ബി) | നിലവിൽ എത്ര ഷെഡ്യൂൾ ഓടിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ 66 ഷെഡ്യൂളുകൾ ഓടിക്കുന്നുണ്ട്. |
| (സി) | മുഴുവൻ ഷെഡ്യൂളും ഓടിക്കാൻ എത്ര ഡ്രൈവർമാരും കണ്ടക്ടർമാരുമാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | മുഴുവൻ ഷെഡ്യൂളും ഓടിക്കാൻ നിലവിലെ ഡ്യൂട്ടി പാറ്റേൺ പ്രകാരം 210 വീതം ഡ്രൈവർമാരും കണ്ടക്ടർമാരുമാണ് ആവശ്യമുള്ളത്. എന്നാൽ ശാസ്ത്രീയ പുനക്രമീകരണത്തിലൂടെ ജീവനക്കാരുടെ ആവശ്യകത കുറയുന്നതാണ്. |
| (ഡി) | ഡിപ്പോയിൽ നിലവിൽ എത്ര ഡ്രൈവർമാരും കണ്ടക്ടർമാരുമാണുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | നിലവിൽ 165 കണ്ടക്ടർമാരും 158 ഡ്രൈവർമാരുമാണുള്ളത്. |
| (ഇ) | മുഴുവൻ ഷെഡ്യൂളും ഓടിക്കാനാവശ്യമായ നടപടി എപ്പോൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) | നഷ്ടത്തിലോടിയിരുന്നതും ഡീസൽ ചെലവിനുള്ള തുക പോലും ലഭ്യമാകാത്തതും പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരത്തിൽ പുതിയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കി വരുന്നു. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ആരംഭിക്കുവാൻ കഴിയും. എന്നാൽ നിർത്തലാക്കിയ സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുനക്രമീകരിച്ച് മറ്റ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ